പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1486

06.03.2017 ൽ മറുപടിയ്ക്ക്

നാളികേര സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കേരകർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി നിലവിലുണ്ടോ; | (എ) കമ്പോള വില സർക്കാർ നിശ്ചയിച്ച താങ്ങുവിലയേക്കാൾ കൂടുതൽ ആകയാൽ ഇപ്പോൾ നാളികേര കർഷകർ ഉൽപ്പന്നം പൊതു കമ്പോളത്തിൽ വിറ്റഴിക്കാനാണ് താൽപ്പര്യപ്പെടുന്നത്. |
| ബി) കേരഫെഡ് കൃഷിഭവൻ മുഖേന നാളികേര സംഭരണം നടത്തിയ വകയിൽ കർഷകർക്ക് തുക നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) സംസ്ഥാനത്ത് നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും നൽകി കഴിഞ്ഞു. |
| സി) നാളികേരസംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) പച്ചത്തേങ്ങാ സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷക സംഘടന പ്രതിനിധികളുമായി കൃഷി വകുപ്പു മന്ത്രി നടത്തിയ ചർച്ചയിൽ സംഭരണത്തിനായി കൃഷി ഭവനുകൾ കൂടാതെ സഹകരണ സംഘങ്ങളേയും നാളികേര ഉൽപ്പാദന കമ്പനികളേയും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉയർന്നു വരുകയുണ്ടായി. നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതും പരിഷ്കരിക്കുന്നതുമായ വിഷയങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ